**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2713** **13-02-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ലൈസൻസും അനുമതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ലൈസൻസും അനുബന്ധ അനുമതിയും ലഭിക്കുന്നതിന് നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ലൈസൻസും അനുബന്ധ അനുമതിയും സമയ ബന്ധിതമായി ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ ഇപ്പോൾതന്നെ നിലവിലുണ്ട്.<br><br>കൂടാതെ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം, ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് നൽകുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷമാണ് കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് കെട്ടിടത്തിനു |

| | | | |
|---|---|---|---|
| | | | നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.<br><br>സൂക്ഷ്മ–ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ലൈസൻസും അനുബന്ധ അനുമതിയും ലഭിക്കുന്ന വിഷയത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ടിൽ വരുത്തിയ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സ്റ്റാറ്റ്യൂട്ടറി സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഇത്പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതിപരിഹാര കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | നൂതന സംരംഭകർക്ക് വായ്പയും പരിശീലനവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | കെ.എസ്.ഐ.ഡി.സി-യുടെ വിവിധ വായ്പാ പദ്ധതികളിലൂടെ നൂതന സംരംഭകർക്ക് ലഭ്യമാക്കുന്ന വായ്പകളെക്കുറിച്ചുള്ള വിശദാംശങ്ങൾ താഴെ പ്രതിപാദിക്കുന്നു.<br><br>സംരംഭങ്ങൾ നടത്തുവാൻ കെ.എസ്.ഐ.ഡി.സി കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) വായ്പ നൽകി വരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം, കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.<br><br>പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-ന്റെ മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകി വരുന്നു. മറ്റു പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം |

ആണ്. മാത്രമല്ല ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും കെ.എസ്.ഐ.ഡി.സി നൽകി വരുന്നു.

സംസ്ഥാനത്തെ ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനത്തിനും, ഈ മേഖലയെ ഊർജ്ജിതപ്പെടുത്തുന്നതിനുമായി സർക്കാർ മുൻകൈയെടുത്ത് കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കിവരുന്ന സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയായും ലഭ്യമാക്കും. ഇതിന്റെ ഭാഗമായി 1 കോടി മുതൽ 5 കോടി രൂപ വരെ വായ്പയായി അനുവദിക്കുന്നു, മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 5.5% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രോപ്റൈറ്റർഷിപ്പ്, പാർട്ടണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാകുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (Processing Upfront Fees എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ് കൂടാതെ 1 വർഷത്തെ മൊറൊട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. ഇത് കൂടാതെ കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി നടപ്പിലാക്കിയ രണ്ട് പദ്ധതികളാണ് സീഡ് ഫണ്ട് അസിസ്റ്റൻസ് & സ്കെയിൽ അപ്പ് സപ്പോർട്ട് പദ്ധതി.

സീഡ് ഫണ്ട് പദ്ധതി പ്രകാരം വിദ്യാർത്ഥികളടക്കമുള്ള യുവ സംരംഭകർക്ക് നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾ തുടങ്ങുന്നതിനായി കെ.എസ്.ഐ.ഡി.സി ഇരുപത്തഞ്ച് ലക്ഷം രൂപ വരെ മൂലധന സഹായം നിലവിൽ 6.5% പലിശ നിരക്കിൽ 4 വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകുന്നു. അതോടൊപ്പം തങ്ങളുടെ ഉല്പന്നം/ സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സംരംഭങ്ങൾക്ക് സ്കെയിൽ അപ്പ് സപ്പോർട്ട് എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 100 ലക്ഷം രൂപ വരെ നിലവിൽ

7.00% പലിശനിരക്കിൽ നാല് വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകി വരുന്നു.

ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും താലൂക്ക് വ്യവസായ ഓഫീസുകളുടെയും നേതൃത്വത്തിൽ എല്ലാ വർഷവും ഗ്രാമ/ബ്ലോക്ക്/ജില്ലാ തല സംരംഭകത്വ ബോധവൽക്കരണ പരിപാടികളും (EAP), സംരംഭക വികസന പരിപാടികളും (EDP) നടത്തുന്നുണ്ട്. കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുബോധവൽക്കരണ/ലോൺ / സബ്സിഡി മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

നിലവിലുള്ള സംരംഭകരും, നവസംരംഭകരും, സാമ്പത്തികാനുബന്ധസ്ഥാപനങ്ങളും, ഏജൻസികളും തമ്മിലുള്ള ചർച്ചകൾ വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി താലൂക്ക്/ ജില്ലാതലത്തിലും നിക്ഷേപ സംഗമങ്ങൾ നടത്തി വരുന്നു.

MSME മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും, സംരംഭകർക്ക് സാങ്കേതികപരമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി ജില്ലാ തലത്തിൽ ടെക്നോളജി ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിൽ വിവിധ സാങ്കേതിക സ്ഥാപനങ്ങളിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുവരുന്നു.

ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലനമാണ് ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം. ഇതിന്റെ ഭാഗമായി ജില്ലകളിലെ അനുയോജ്യ മേഖലയിൽ നൽകുന്ന നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ മാനേജ്മെന്റ് പരിശീലനവും നൽകുന്നുണ്ട്.

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ

സേവനങ്ങളും പദ്ധതികളും സമയബന്ധിതമായി സംരംഭകരിലേക്ക് എത്തിക്കുന്നതിനുള്ള ഒരു സ്ഥിര സംവിധാനം സൃഷ്ടിക്കുവാനും പ്രസ്തുത ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

നൂതന സംരംഭകർക്ക് (സ്റ്റാർട്ടപ്പുകൾക്ക്) പരിശീലനം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ, ബാങ്ക് ലോൺ എടുത്തോ അല്ലാതെ സ്വന്തമായോ നൂതന സംരംഭങ്ങൾ (സ്റ്റാർട്ടപ്പുകൾ) ഉൽപ്പാദന മേഖലയിൽ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി 'മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായപദ്ധതി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ) പദ്ധതി നിബന്ധനകൾക്ക് വിധേയമായി സബ്സിഡിയായി നൽകുന്നു. മൂന്നു ഘട്ടങ്ങളായാണ് ആനുകൂല്യം നൽകുന്നത്. ആദ്യഘട്ടം ആയി സ്റ്റാർട്ട്അപ്പ് ആശയം ഡെവലപ്പ് ചെയ്തതിന് ശേഷം പ്രോജക്റ്റിന്റെ 30%-ഉം രണ്ടാംഘട്ടമായി പ്രോട്ടോടൈപ്പ് ഡെവലപ്പ് ചെയ്തതിന് ശേഷം പ്രോജക്റ്റിന്റെ 50%-ഉം മൂന്നാംഘട്ടം ആയി വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചശേഷം അവശേഷിക്കുന്ന 20%-ഉം നൽകുന്നു.

നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കും വിവിധ സാമ്പത്തിക സഹായം കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ ലഭ്യമാണ്.

ഇന്നവേഷൻ ഗ്രാന്റിന് താഴെപ്പറയുന്ന ഘടകങ്ങളുണ്ട്:

ഐഡിയ ഗ്രാന്റ് - ആശയം ആദ്യമാതൃകയായി വികസിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ വരെയും സ്റ്റാർട്ടപ്പുകൾക്ക് 3 ലക്ഷം രൂപ വരെയും ഗ്രാന്റ് നൽകുന്നു.

പ്രോഡക്റ്റൈസേഷൻ ഗ്രാന്റ് - ആദ്യമാതൃക ഉത്പന്നമാക്കി വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് 7 ലക്ഷം രൂപ വരെ ഗ്രാന്റ്, വനിതാ സ്റ്റാർട്ടപ്പുകൾക്ക് 12 ലക്ഷം രൂപ വരെയാണ് പ്രോഡക്റ്റൈസേഷൻ ഗ്രാന്റ്

മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് – ഉത്പന്നം വിപണിയിലെത്തിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് 10 ലക്ഷം രൂപ വരെ ആണ് ഗ്രാന്റ്

സ്കെയിലപ് ഗ്രാന്റ് – വിപണി വിപുലീകരിച്ച് മികച്ച സംരംഭമായി മാറുന്നതിന് 15 ലക്ഷം രൂപ വരെ ഗ്രാന്റ്

| | | | |
|---|---|---|---|
| | | | നൽകുന്നു.<br><br>മേൽപ്പറഞ്ഞത് കൂടാതെ ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ നൂതന ഉത്പ്പന്നങ്ങൾ വികസിപ്പിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി 30 ലക്ഷം രൂപ വരെ ഗവേഷണ വികസന ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.<br><br>സീഡ് ലോൺ - 15 ലക്ഷം രൂപ വരെ സ്റ്റാർട്ടപ്പുകൾക്ക് ലഘുവായ വ്യവസ്ഥകളിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നു.<br><br>സ്കെയിലപ് സീഡ് ലോൺ - ഉത്പ്പന്നത്തിൽ നിന്നുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപവരെ സ്റ്റാർട്ടപ്പുകൾക്ക് ലഘുവായ വ്യവസ്ഥകളിൽ കുറഞ്ഞ പലിശ നിരക്കിലും വായ്പ നൽകുന്നു.<br><br>വനിതകൾക്ക് സോഫ്റ്റ് ലോൺ - പർച്ചേസ് ഓർഡറുകൾക്ക് വിധേയമായി വനിതാ സ്റ്റാർട്ടപ്പുകൾക്ക് വേഗത്തിൽ ലഭ്യമാക്കുന്ന 15 ലക്ഷം രൂപ വരെയുള്ള വായ്പ നൽകുന്നു.<br><br>യുവ സംരംഭകത്വ പദ്ധതിയുടെ ഭാഗമായി ഭാവി സാങ്കേതികതയിലും സംരംഭകത്വത്തിലും വിവിധ പരിശീലനപരിപാടി സംരംഭകർക്കായി സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ